പോലീസ് കോൺസ്റ്റബിൾമാരുടെ സ്റ്റൈപ്പന്റ് തുക

110 (3300) ശ്രീ. പാലോട് രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാരുടെ സ്റ്റൈപ്പന്റ് തുക ഇതുവരെയും നൽകിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തുക എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 1998-ൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാർക്ക് സ്റ്റൈപ്പന്റ് തുക നൽകിയിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റു തുകയുടെ കുടിശ്ശിക നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ്

111 (3301) ശ്രീ. കെ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് ട്രെയിനികൾക്ക് വർദ്ധിപ്പിച്ച സ്റ്റൈപ്പന്റ് തുക നൽകി തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് നൽകുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് തുക പോലീസ് ട്രെയിനികൾക്ക് നൽകി വരുന്നുണ്ട്.

മാനസികരോഗിയായ യുവതിയെ പീഡിപ്പിച്ച കേസ്

112 (3302) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ഫെബ്രുവരി മാസത്തിൽ മാനസിക രോഗിയായ യുവതിയെ നെടുമങ്ങാട് ടാക്സി സ്റ്റാൻഡിൽ വച്ച് ബലാൽസംഗം ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(ബി) ഈ കേസ്സിലെ പ്രതികൾ ആരെല്ലാം ; ഇവരിൽ ആരെയെങ്കിലും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രതികളെ അറസ്റ്റ് ചെയ്ത് ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 8-2-1998-ന് രാത്രി 7.30-ന് കോന്നി സ്വദേശിയായ നാരായണി മകൾ കുഞ്ഞമ്മിണി എന്ന സ്ത്രീ നെടുമങ്ങാട് ടാക്സി സ്റ്റാൻഡിൽ വന്ന് കോന്നിക്ക് പോകാൻ ടാക്സി വിളിച്ചിട്ടുള്ളതും മാനസികരോഗിയാണെന്ന് സംശയിച്ച് ടി വിവരം ഡ്രൈവർമാർ പോലീസ് സ്റ്റേഷനിൽ അറിയച്ചതിൻ പ്രകാരം അന്നേ ദിവസം രാത്രി വനിതാ പോലീസ് സ്റ്റേഷനിൽ സുക്ഷിച്ച് 9-2-1998-ന് രാവില 10 മണിക്ക് റിപ്പോർട്ട് സഹിതം തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും, തുടർന്ന് കോടതിയുടെ ഉത്തരവനുസരിച്ച് ചികിത്സക്കായി പേരൂർക്കട മാനസികരോഗാശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ടുള്ളതുമാണ്.

തോമസ് വർഗ്ഗീസിനെ മർദ്ദിച്ച സംഭവം

113 (3303) ശ്രീ എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഏഴുകോൺ പോലീസ് സ്റ്റേഷൻ അതിർത്തിയിലെ പവിശ്വരം കെ.എൻ.എം.എച്ച്.എസ്.എസ്.-ലെ ബൂത്തിന് സമീപം വച്ച് കെ. എസ്. യു. കൊല്ലം ജില്ലാ സെക്രട്ടറി തോമസ് വർഗ്ഗീസിനെ മർദ്ദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സംഭവം സംബന്ധിച്ച് ആരുടെയൊക്കെ പേരിൽ കേസെടുത്തു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ കേസിലെ പ്രതികളെ അറസ്റ്റു ചെയ്തു നിയമ നടപടി സ്വീകരിക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ ; ഈ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സോമരാജൻ, ഷിജിത്, അനുരാജ്, സന്തോഷ്, എസ്. റിനു, രാജ്, രാജസേനൻ, ദിലീപ്, അജിഷ്, അനിയൻകുഞ്ഞ്, ബിജു, ബിനു, അശോകൻ, സുനിൽ എന്നിവരുടെ പേരിൽ കേസെടുത്തിട്ടുണ്ട്.

(സി) കേസിലെ മൂന്നു പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. മറ്റു പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. കേസ് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly